

# ഗവൺമെന്റ് സീനിയർ ബേസിക് സ്കൂൾ

## പഴയ ലക്കിടി

### അകലൂർ പി.ഒ, ഒറ്റപ്പാലം

### പിൻ - 679302

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025-2026

# ഉള്ളടക്കം

അധ്യായം 1
ആമുഖം

അധ്യായം 2
ചരിത്രം

അധ്യായം 3
വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

അധ്യായം 4
പദ്ധതി രൂപീകരണ ഘട്ടങ്ങൾ

അധ്യായം 5
അവസ്ഥാ വിശകലനം

അധ്യായം 6
ലക്ഷ്യങ്ങൾ

അധ്യായം 7
പദ്ധതി വിശദാംശങ്ങൾ - വിഷയാടിസ്ഥാനത്തിൽ

# ആമുഖം

പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം താലൂക്കിൽ ലെക്കിടിപേരൂർ പഞ്ചായത്തിലെ ഏക ഗവൺമെന്റ് യു.പി സ്കൂളാണ് പഴയലെക്കിടി ഗവ. സീനിയർ ബേസിക് സ്കൂൾ. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കിക്കൊണ്ട് പാഠ്യ പാഠ്യേതര രംഗങ്ങളിൽ ഒരു പോലെ മികവ് പുലർത്താൻ കഴിയുന്ന പഞ്ചായത്തിലെ ഏക വിദ്യാലയമാണിത്.

സ്കോളർഷിപ്പ് മത്സര പരീക്ഷകളിൽ കൃത്യമായ പരിശീലനം നൽകുകയും മികച്ച വിജയം കരസ്ഥമാക്കി അക്കാദമിക രംഗം ചിട്ടയായ പ്രവർത്തനങ്ങളിലൂടെ മുന്നോട്ട് കൊണ്ടുപോകുന്നു. ഓരോ പ്രവർത്തനവും കൃത്യമായി വിലയിരുത്തി പോരായ്മകൾ പരിഹരിക്കുന്നതിന് വിദ്യാലയ കൂട്ടായ്മ ഒത്തൊരുമിച്ച് പ്രവർത്തിച്ചു വരുന്നു.

സമഗ്ര ഗുണമേൻമാ വിദ്യാഭ്യാസത്തിന്റെ ഭാഗമായി അക്കാദമികരംഗത്തെ മുന്നേറ്റത്തിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് പി.ടി.എ യുടെയും വിദ്യാലയ വികസന സമിതിയുടേയും കാര്യക്ഷമമായ സഹകരണം ഉറപ്പു വരുത്തുന്നുണ്ട്.

സ്കൂളിന്റെ അക്കാദമിക നിലവാരത്തിലുള്ള വർദ്ധനവാണ് മത്സര പരീക്ഷകളിൽ ഉന്നത വിജയം കാണിക്കുന്നത്. ഇത് നിലനിർത്തിക്കൊണ്ട് മുന്നേറാനും കൂടുതൽ ഗുണപരമായ പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനുമാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. ഇതിലെ ഓരോ പ്രവർത്തനവും നടപ്പിലാക്കി കുട്ടികളെ നാളെയുടെ വാഗ്ദാനങ്ങളായി മാറ്റാൻ നമുക്ക് കഴിയട്ടെ.

# ചരിത്രം

പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം താലൂക്കിൽ ലെക്കിടി പേരൂർ പഞ്ചായത്തി ലാണ് ഈ വിദ്യാലയം നിലനിൽക്കുന്നത്. 1910-ൽ മദ്രസ്സ പഠനത്തിന് സ്ഥാപിക്ക പ്പെട്ട ഈ വിദ്യാലയം 'മാപ്പിള എലിമെൻററി' എന്ന പേരിൽ അറിയപ്പെട്ടിരുന്നു.

മദിരാശി സംസ്ഥാനത്തിൻറെ ഭാഗമായിരുന്ന വള്ളുവനാട് താലൂക്കിലെ ലെക്കിടി പേരൂർ, അകലൂർ, പുത്തൂർ എന്നീ ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് രൂപീ കൃതമായ ലെക്കിടി പേരൂർ പഞ്ചായത്തിൽപ്പെട്ട പഴയലെക്കിടിയിൽ 18-ാം നൂറ്റാണ്ടി ലാണ് ജനവാസം ആരംഭിക്കുന്നത്. സെയ്ദ് മുഹമ്മദ് കാട്ടിലെ തങ്ങൾ എന്ന അദ്ധ്യാത്മിക ആചാര്യൻറെ വരവോടുകൂടിയാണ് ഈ പ്രദേശത്തേക്ക് ആളുകൾ കുടി യേറിപ്പാർക്കാൻ തുടങ്ങിയത്. 1910-ൽ മദിരാശി ഗവൺമെൻറിൻറെ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ ആരംഭിച്ച 'മാപ്പിള എലിമെൻററി' എന്ന ഈ വിദ്യാലയത്തിൽ 1 മുതൽ 5 വരെയാണ് തുടക്കത്തിൽ ഉണ്ടായത്. അടിസ്ഥാന വിദ്യാഭ്യാസത്തിന്റെ ഭാഗമായി നൂൽനൂൽപ്പ്, വസ്ത്രനിർമ്മാണം എന്നിവയും പരിശീലിച്ചിരുന്നു. 1957-ൽ ഈ വിദ്യാലയം 'UP' ആയി Upgrade ചെയ്തു. 1910 മുതൽ 1962 വരെ വിദ്യാലയം പടിഞ്ഞാർക്കര അലി സാഹിബിൻറെ വാടക കെട്ടിടത്തിലായിരുന്നു.തുടർന്ന് കളത്തിങ്കൽ തറവാട്ടുകാർ വിദ്യാലയം ഏറ്റെടുക്കുകയും മുസ്ലിം ന്യൂനപക്ഷ പ്രദേശമായ പഴയ ലെക്കിടിയിലെ ജനങ്ങളെ ഉന്നതിയിലെത്തിക്കുന്നതിനായി സർക്കാറിന് സമർപ്പിക്കുകയും ചെയ്തു. 1986-ൽ ഈ വിദ്യാലയം പൂർണ്ണമായും സർക്കാർ ഏറ്റെടുത്തു. അന്നുമുതൽ സീനിയർ ബേസിക് സ്കൂൾ എന്നറിയപ്പെടുന്നു. 1997-ൽ ആരംഭിച്ച DPEP, SSA എന്നീ പദ്ധതികൾ ഈ വിദ്യാലയത്തിന്റെ ഭൗതികസാഹചര്യങ്ങൾ ഉയർത്താനും മികച്ച കെട്ടിടം ഉയർന്നുവ രാനും സഹായകമായി.

2004 മുതൽ ഭൗതിക സാഹചര്യങ്ങളിലുള്ള മാറ്റങ്ങൾ വിദ്യാലയത്തിന്റെ ഉയർച്ചക്ക് മാറ്റുകൂട്ടി. 2006-ൽ വിദ്യാലയത്തിലെ പൂർവ്വവിദ്യാർത്ഥിയായ ക്യാപ്റ്റൻ അബ്ദുൾ ഗഫാറിൻ്റെ സഹായത്തിൽ ഉച്ചഭക്ഷണം വിപുലമായ തോതിൽ നടത്താനും മികച്ച ചുറ്റുമതിലും ഗേറ്റും സ്ഥാപിക്കാനും കഴിഞ്ഞു. തുടർന്ന് ഒറ്റപ്പാലം എം.എൽ.എ. എം. ഹംസ അവർകളുടെ ഓപ്പൺ ഫണ്ട് ലഭ്യമായതോടെ വിദ്യാലയത്തിന്റെ 'ഓപ്പൺ ഓഡിറ്റോറിയം' എന്ന ആഗ്രഹം സഫലീകരിക്കപ്പെട്ടു. പാർക്കും, പൂന്തോട്ടങ്ങളും ഒക്കെയായി വിദ്യാലയം ഭൗതിക സാഹചര്യങ്ങളിൽ ഏറെ മുന്നിൽ നിൽക്കുന്നു.

# വിദ്യാലയം മികവിന്റെ കേന്ദ്രം- കാഴ്ചപ്പാട്

ഭൗതികമായ സാഹചര്യങ്ങളിലൂടെ മാത്രം ഒരു വിദ്യാലയം അതിന്റെ പൂർണ്ണ തയിലെത്തുകയില്ല. എന്നാൽ പഠിതാവിൻ്റെ കഴിവുകൾ കണ്ടെത്തി കലാപരവും, സർഗ്ഗാത്മകവുമായ കഴിവുകളെ പ്രോത്സാഹിപ്പിക്കുകയും പഠനനേട്ടങ്ങൾ പൂർണ്ണതോതിൽ സാംശീകരിക്കപ്പെട്ടാൽ മാത്രമെ, വിദ്യാലയത്തിന് പൂർണ്ണതയുള്ളൂ. ഈ ആശയത്തെ മുന്നിൽ കണ്ടുകൊണ്ടാണ് വിദ്യാലയത്തിൻ്റെ മുഴുവൻ പ്രവർത്തനങ്ങളും ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത്. അദ്ധ്യാപകരെ രണ്ട് ഭാഗമാക്കി തിരിക്കുകയും അക്കാദമിക വിഭാഗവും അക്കാദമികേതര വിഭാഗവുമായി തരംതിരിച്ച് പരിമിതികളേയും പ്രയാസങ്ങളേയും തിരിച്ചറിഞ്ഞ് മുന്നേറാനുള്ള പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്. ഇതിലൂടെ വിദ്യാലയത്തെ പൂർണ്ണപുരോഗതിയിലേക്ക് നയി ക്കാൻ കഴിയും. പഠനനേട്ടങ്ങളും ജീവിത നൈപുണികളും ആർജ്ജിക്കുന്നതിനാവ ശ്യമായ പഠനപ്രവർത്തനങ്ങളിലൂടെ വിദ്യാലയം മികവിൻ്റെ കേന്ദ്രമായി മാറും എന്ന് പ്രത്യാശിക്കുന്നു.

Talent Lab, Hightech Class , Language, theatre., Little doctor, Community Lab, ജൈവവൈവിധ്യ പാർക്ക്, Career guidance, തൊഴിൽ പരിശീലന കളരികൾ, വിവിധ ശില്പശാലകൾ, കൗൺസിലിംഗ് ക്ലാസുകൾ, ക്യാമ്പയിൻസ്, വിവിധ മത്സരങ്ങൾ തുടങ്ങിയവയിലൂടെ കുട്ടികളുടെ സർഗ്ഗപരമായ കഴിവുകളെ പൂർണ്ണതോതിൽ കണ്ടെത്താൻ കഴിയുമെന്ന പൂർണ്ണവിശ്വാസമുണ്ട്.

# പദ്ധതി രൂപീകരണ ഘട്ടങ്ങൾ

**സ്കൂൾ SRG യിൽ ചർച്ചചെയ്ത് പദ്ധതി രൂപീകരണം നടത്തി സ്കൂൾ SRG, കൺവീനർ മറ്റ അദ്ധ്യാപകരുടെ നേതൃത്ത്വത്തിലുള്ള ചർച്ചകൾ, ക്രോഡീകരണം.**

# അവസ്ഥാ വിശകലനം

345 കുട്ടികളും 18 അദ്ധ്യാപകരും ഉൾപ്പെടുന്ന ജി.എസ്.ബി.എസ്. പഴയലെക്കിടി ഇന്ന് ഉയരങ്ങളിലേക്കുള്ള യാത്രയിലാണ്. മുസ്ലിം സമുദായത്തിന്റെ വിദ്യാഭ്യാസ ഉന്നമനത്തിനായി 1910-ൽ സ്ഥാപിക്കപ്പെട്ട ഈ വിദ്യാലയം 1 മുതൽ 5 വരെയാണുണ്ടായിരുന്നത്. രാവിലെ 7 മുതൽ 10 വരെ മദ്രസ്സ പഠനവും, തുടർന്ന് പൊതുവിദ്യാഭ്യാസവും നടന്നിരുന്നു. 1952-ൽ അടിസ്ഥാന വിദ്യാഭ്യാസത്തിന്റെ ആരംഭത്തോടെ സതേൺ ബേസിക് എഡ്യൂക്കേഷൻ റെയ്ഞ്ചിൻ്റെ കീഴിലായി പ്രവർത്തനം ആരംഭിച്ചു. 1954-ൽ അപ്പർ പ്രൈമറി വിദ്യാലയമായി ഉയർത്തപ്പെട്ടു. 1980 വരെ വാടക കെട്ടിടത്തിലായിരുന്നു പ്രവർത്തിച്ചിരുന്നത്. 1980-ൽ സർക്കാർ ഏറ്റെ ടുത്തതോടെ ജി.എസ്.ബി.എസ് (ഗവൺമെൻ്റ് സീനിയർ ബേസിക് സ്കൂൾ) എന്ന പേരിൽ അറിയപ്പെട്ടു.

115 വർഷം പഴക്കമുള്ള ഈ വിദ്യാലയം ഭൗതിക സാഹചര്യങ്ങളുടെ കാര്യ ത്തിൽ കുറെയൊക്കെ സ്വയംപര്യാപ്തമായിരിക്കുന്നു. സർക്കാർ, പഞ്ചായത്ത്, എസ്.എസ്.എ എന്നിവയുടെയൊക്കെ ശ്രമഫലമായിട്ടാണ് ഇത് കൈവന്നത്. പൂർണ്ണ മായും എല്ലാ സൗകര്യങ്ങളും ആയില്ലെങ്കിലും അത്യാവശ്യം വേണ്ട കെട്ടിടങ്ങൾ, വൈദ്യുതി, വെള്ളം, ടോയ്‌ലറ്റ് സൗകര്യങ്ങൾ എന്നിവയൊക്കെ നമുക്കുണ്ട്.

ഒറ്റപ്പാലം നിയോജകമണ്ഡലം ഹൈടെക് വിദ്യാലയമായി തെരഞ്ഞെടുക്കപ്പെട്ട നമ്മുടെ വിദ്യാലയത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ പ്ലാൻ തയ്യാറായികഴിഞ്ഞിട്ടുണ്ട്. പുതിയ ക്ലാസ് മുറികളും ഫർണ്ണിച്ചറുകളും വിദ്യാലയത്തിന് ലഭിക്കേണ്ടതുണ്ട്. എല്ലാ ക്ലാസുകളും 'ഡിജിറ്റലൈസ്ഡ്' ആക്കേണ്ടതുണ്ട്. യാത്രാ സൗകര്യത്തിനായി സ്കൂൾ ബസ്സ് ലഭ്യമാക്കേണ്ടതുണ്ട്.

പഴയലെക്കിടിയിലെ എല്ലാ വിദ്യാർത്ഥികളും 7 വരെയുള്ള പഠനത്തിനായി ജി.എസ്.ബി.എസ് പഴയലെക്കിടിയെ മാതൃകയായി തെരഞ്ഞെടുക്കുന്ന ഒരു അവ സ്ഥയിലേക്ക് മാറേണ്ടതുണ്ട്. അതാണ് ഈ വിദ്യാലയത്തിൻ്റെ സ്വപ്നം. അൺ എയ്ഡഡ് വിദ്യാലയത്തിലേക്കുള്ള വിദ്യാർത്ഥികളുടെ ഒഴുക്ക്

തടയുന്നതിനായി 1 മുതൽ 7 വരെയുള്ള ക്ലാസുകളിൽ ഇംഗ്ലീഷ്മീഡിയം പ്രവർത്തിച്ചു വരുന്നുണ്ട്. കലാ-കായിക പഠനത്തിനായി സ്ഥിരമായ അദ്ധ്യാപകർ വിദ്യാലയത്തിൽ ഉണ്ടാകേണ്ടതുണ്ട്.

ഏതെങ്കിലും ഒരു തൊഴിൽ മേഖലയിലേക്ക് കുട്ടിയെ എത്തിക്കുന്ന രീതിയിലുള്ള തൊഴിലധിഷ്ഠിത വിദ്യാഭ്യാസം കുട്ടികൾക്ക് നൽകാൻ കഴിയുന്ന രീതിയിൽ വിദ്യാഭ്യാസ രീതിയെ മാറ്റിയെടുക്കുക എന്നതും അദ്ധ്യാപകരുടെ സ്വപ്നമാണ്.

വരുംതലമുറ നെഞ്ചോട് ചേർത്തുനിർത്തുന്ന ഒരു സ്ഥാപനമായി ജി.എസ്.ബി.എസ്, പഴയലെക്കിടിയെ ഉയർത്തുന്നതിനായി കൂട്ടായ പരിശ്രമം നടക്കുന്നുണ്ട്. ഇതിനകം ഉയരങ്ങളിലെത്തുന്നതിനായി നമുക്ക് പരിശ്രമിക്കാം.

# ലക്ഷ്യങ്ങൾ

- സ്കൂൾ പഠനകാലയളവിൽ കുട്ടി നേടിയിരിക്കേണ്ട എല്ലാ ഭാഷാപരമായ നേട്ടങ്ങളേയും എല്ലാ കുട്ടികളിലും എത്തിക്കുക.

- അടിസ്ഥാനധാരണകളിൽ പരിമിതികൾ ഉള്ള കുട്ടികൾക്ക് അത് മറികടക്കാനുള്ള പിൻതുണ ഉറപ്പാക്കുക.

- ഉച്ചാരണശുദ്ധിയോടെയും ആത്മവിശ്വാസത്തോടെയും സംസാരിക്കുവാനും എഴുത്തിലൂടെ സർഗ്ഗാത്മലോകത്തിലേക്ക് കടക്കാനുള്ള അവസരം ഉറപ്പാക്കാൻ.

- കുട്ടികളിൽ നല്ല വായനാശീലം വളർത്തുക.

- പ്രാദേശിക ഭാഷാ സാമഗ്രികൾ കണ്ടെത്തുക.

- വ്യത്യസ്തത വായനാവസരങ്ങളും രചനാവസരങ്ങളും വളർത്തുക.

# കാരണങ്ങൾ

- സാമൂഹിക പശ്ചാത്തലത്തിലുള്ള പ്രശ്നങ്ങൾ
- ആവശ്യകതാ ബോധമില്ലായ്മ.
- രക്ഷിതാക്കളുടെ ഇടപെടലുകളിലെ അപാകത.
- സ്ഥിരമായി കുട്ടികൾ സ്കൂളിൽ വരാത്ത അവസ്ഥ.
- അക്കാദമിക മേഖലകളിലെ ഗൗരവമായ കാഴ്ചപ്പാട് ഇല്ലാത്ത അവസ്ഥ.

# പരിഹാരങ്ങൾ

- **സാമൂഹിക, കുടുംബ, ബോധവൽകരം കൂടുതൽ ഊർജ്ജിതമായി നടപ്പാക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കുക. കുട്ടികളുടെ പഠനവും സർഗാത്മക കഴിവുകളുടെയും പ്രാധാന്യം ബോധ്യപ്പെടുത്തി മുന്നോട്ട് നയിക്കാനുള്ള ഇടപെടലുകൾ നടപ്പിൽ വരുത്തുക**
- **സിപിടിഎ ,പിടിഎ എന്നിവകളുടെ പങ്കാളിത്തം ബോധവൽക്കരണവും ഊർജിക്കപ്പെടുത്തുക**
- **കുട്ടികളുടെ വീടും കുടുംബവുമായുള്ള സഹവർത്തിത്വം ബന്ധവും ഊട്ടി ഉറപ്പിക്കുന്നതിന് ആവശ്യമായ പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പാക്കുക.**
- **ഗണിത, ശാസ്ത്ര, ഭാഷാപരമായ ശേഷികൾ അതാത് ക്ലാസുകളിൽ സമയത്ത് കുട്ടി നേടുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുള്ള ആസൂത്രണവും പ്രവർത്തനവും അവലോകനവും പരീക്ഷകൾ ,ക്യാമ്പുകൾ, ക്ലാസുകൾ, സെമിനാറുകൾ, കലാകായിക മത്സരങ്ങൾ, ക്വിസ്സുകൾ, മറ്റു ദിനാചരണങ്ങൾ എന്നിവയിലൂടെ നടത്തുന്നു.**

# ഭാഷ

## മലയാളം

**ആമുഖം**

**മാതൃഭാഷയായ മലയാളം മാതാവിന് തുല്യമാണ് ശൈശവദശ മുതൽ കാര്യങ്ങൾ തിരിച്ചറിയുന്നത് മാതൃഭാഷയിലൂടെയാണ്.കുട്ടികളുടെ വൈകാരികവും മാനസികവുമായ വളർച്ച,ആശയവിനിമയം എന്നിവയ്ക്ക് മാതൃഭാഷയുടെ ശരിയായ പ്രയോഗം അത്യന്താപേക്ഷിതമാണ്.കുട്ടികളിലെ വായന ലേഖനം സർഗ്ഗാത്മകത,ആസ്വാദനശേഷി എന്നീ വിവിധ തലങ്ങളിലൂടെ മാത്രമേ കുട്ടികളുടെ ഭാഷാശേഷി വികസനം സാധ്യമാവുകയുള്ളൂ.**

**ലക്ഷ്യങ്ങൾ**

**സ്കൂൾ പഠനകാല അളവിൽ കുട്ടി നേടിയിരിക്കേണ്ട എല്ലാ ഭാഷാപരമായ നേട്ടങ്ങളെയും എല്ലാ കുട്ടികളിലും എത്തിക്കുക**

**അടിസ്ഥാന ധാരണകളിൽ പരിമിതികൾ ഉള്ള കുട്ടികൾക്ക് അത് മറികടക്കാനുള്ള പിന്തുണ ഉറപ്പാക്കുക**

**ഉച്ചാരണശുദ്ധിയോടെയും ആത്മവിശ്വാസത്തോടെയും സംസാരിക്കാനും എഴുത്തിലൂടെ സർഗാത്മക ലോകത്തിലേക്ക് കടക്കാനുള്ള അവസരവുംഉറപ്പാക്കൽ**

**കുട്ടികളിൽ നല്ല വായനാശീലം വളർത്തുക**

**പ്രാദേശിക ഭാഷാ സാമഗ്രികൾ കണ്ടെത്തുക**

**വ്യത്യസ്ത വായനാ അവസരങ്ങളും രചനാ അവസരങ്ങളും നൽകുക**

**ഈ വായന പരിപോഷിപ്പിക്കുക**

# മലയാളം -എൽ. പി വിഭാഗം

## ക്രോഡീകരണം

ഓരോ കുട്ടിയുടെയും ഭാഷാപരമായ ശേഷി വർദ്ധിപ്പിക്കുന്നതിനായി ഒന്നാം ക്ലാസിൽ കുട്ടി സങ്കോചമില്ലാതെ അനുഭവങ്ങൾ കഥകൾ പാട്ടുകൾ എന്നിവ വാചികമായി പങ്കിടുന്നതിന് കഴിവുണ്ടാക്കുക. രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞു അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന് ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തുകയും അവർക്ക് പ്രത്യേക പരിശീലനം നടത്തുന്നു വായന മൂല ക്ലാസ് ലൈബ്രറി ക്രമീകരിക്കൽ ഡയറി സർഗാത്മകഥ പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ സ്കൂളിൽ പരിചയപ്പെടുത്തൽ എന്നിവയിലൂടെ ഓരോ കുട്ടിക്കും സ്വന്തമായി ഭാഷ കൈകാര്യം ചെയ്യാനുള്ള ശേഷി നേടിയെടുക്കുന്നതിന് ഓരോ കുട്ടിയുടെയും അറിവും കഴിവും അതത് പ്രായഘട്ടത്തിനനുസൃതമായി കരിക്കുലം വിഭാവനം ചെയ്ത പ്രകാരം ഏറ്റവും ഉയർന്ന തലത്തിലേക്ക് എത്തിക്കുന്നതിലൂടെ മാത്രമേ ഇത് കൈവരിക്കാൻ ആവൂ. അക്കാദമികമായി കാര്യങ്ങൾ ഉറപ്പാക്കാൻ എന്തെല്ലാം ചെയ്യണം എന്ന് കൃത്യമായി ആസൂത്രണം ചെയ്യേണ്ടതുണ്ട് ഇത്തരം ആസൂത്രണത്തിന്റെ ഭാഗമായി മാത്രമേ കുട്ടികളുടെ പൊതുവായത് ഓരോ കുട്ടിയുടെയും സവിശേഷമായതുമായ കഴിവുകൾ തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികൾക്കും പഠനം മുന്നേറ്റത്തിന് തുല്യമായ അവസരങ്ങൾ ഒരുക്കാൻ കഴിയൂ.

# ജി എസ് ബി എസ് പഴയ ലക്കിടി

**മേഖല യു.പി. മലയാളം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **ഭാഷയുടെ അടിസ്ഥാനശേഷി വികസനം ആശയസംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക** | **പഠിതാക്കളുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാര രൂപങ്ങളിലൂടെ (കഥ,കവിത യാത്രാനുഭവം അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു** | **ജൂൺ മാസം** | **ഭാഷാ അധ്യാപകർ** | |
| | **അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെടുത്തി പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം** | **ജൂൺ മാസം** | | |
| **പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുന്നു** | **വാർത്താ ലോകത്തേക്ക് : – പത്രം ആഴ്ചപ്പതിപ്പ് മാസികകൾ എന്നിവ കുട്ടികൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണ ശേഷി വളർത്തുകയും ചെയ്യുക** | **എല്ലാ ദിവസവ ും** | **അധ്യാപകർ** | |
| | **വാർത്ത വായന അസംബ്ലിയിൽ** | **എല്ലാ ദിവസവ ും** | | |
| | **അസംബ്ലിയിൽ വായിച്ച പുസ്തകങ്ങൾ പരിചയപ്പെടുത്തൽ** | **അക്കാദമിക വർഷം** | | |
| **അക്ഷരങ്ങളും ചിഹ്നങ്ങളും തിരിച്ചറിഞ്ഞു ഭാഷ അവഹാര രൂപങ്ങൾ പ്രയോഗിക്കുന്നു** | **കവിതാ പൂരണം കയ്യെഴുത്തു മാസിക ചുമർപത്രിക** | **മാസത്തിൽ ഒന്നു വീതം** | | |
| | **ഒരു വ്യവഹാര രൂപത്തെ മറ്റൊന്നിലേക്ക് മാറ്റാൻ** | **മാസത്തിൽ ഒന്നു വീതം** | | |

# ജി എസ് ബി എസ് പഴയ ലക്കിടി

**മേഖല യു.പി. മലയാളം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | ഐസിടി ഉപയോഗിച്ചുള്ള ഭാഷ പഠനം എന്റെ ഇടം കുട്ടികളുടെ രചനകളുടെ പ്രദർശനം എന്റെ രചനാ പുസ്തകം | മാസത്തിൽ ഒന്നു വീതം | കുട്ടികൾ | |
| കുട്ടികളിലെ സർഗ്ഗശേഷി പരിപോഷിപ്പിക്കുന്ന | സർഗ്ഗസംഗമം ബാലവേദിയിൽ കവിതാലാപനം കഥകവിതാരചനകൾ കഥപറയൽ മത്സരം പഠനയാത്രകൾ ശില്പശാലകൾ വായനയ്ക്കായി കഥാപുസ്തകങ്ങൾ ചിത്രകഥകൾ ഐസിടി ഉപയോഗിച്ച് ചെറുകഥകൾ കാണിക്കാൻ | മാസത്തിൽ ഒന്നു വീതം | ഭാഷാ അധ്യാപകർ | |
| | സാഹിത്യകാരന്മാരുമായുള്ള അഭിമുഖം ശിൽപശാല ഭാഷ ക്യാമ്പ് സഹവാസ ക്യാമ്പുകൾ | മാസത്തിൽ ഒന്നു വീതം | അധ്യാപകർ | |
| | വിദ്യാരംഗം പരിപാടികൾ വിവിധ മത്സരങ്ങൾ യാത്രാവിവരണങ്ങൾ | മാസത്തിൽ ഒന്നു വീതം | അധ്യാപകർ | |

# ENGLISH

## Introduction

Learning English becomes meaning full as one gets competent and confident to convey his ideas in a pleasing and convincing manner in English. This is possible through better acquisition of English language especially in terms of communication.

At the primary level English education focuses on building competence in listening speaking reading and writing skills of the students. Through carefully design activities lessons and assessment spread across the academic year this plan ensures a gradual progression in language proficiency while catering to diverse learning needs.

## Objectives

I. To develop and improve reading,writing, listening and speaking skills of the children.
II. Build confidence in using English for communication.
III. Learning and using new vocabulary word in proper context.
IV. Developing a positive attitude towards learning English.

# ജി എസ് ബി എസ് പഴയ ലക്കിടി

## മേഖല യു.പി. ഇംഗ്ലീഷ്

| AIM | Activities | Period | Responsible persons | Economic source |
|---|---|---|---|---|
| 1) To enhance English listening and speaking skills. | Audio stories: Play audio stories and ask them to return the story in their own words | Throughout the year | English teacher , English club | |
| | Engage in language game by following instructions | | | |
| | Songs and Rhymes: Play English songs and rhymes and ask students to sing along or repeat the lyrics | | | |
| | Role plays: Encourage students to doubt scenarios suggest ordering food in a restaurant or asking for directions | | | |
| | • Conversations : pair students up for conversations on a specific topic, such as their hobby,favourite sport,food, movie etc. | | | |
| | • Debates : Organize simple debates on topics relevant to primary students such as should school uniforms be mandatory? | | | |
| | • Presentations : Ask students to give short presentations on a topic of their choice. | | | |
| 1) To enhance English listening and speaking skills. | • Audio visual games: Games that combine listening and speaking such as “Simon says”. | Throughout the year | English teacher , English club | |

# ജി എസ് ബി എസ് പഴയ ലക്കിടി

## മേഖല യു.പി. ഇംഗ്ലീഷ്

| AIM | Activities | Period | Responsible persons | Economic source |
|---|---|---|---|---|
| To encourage reading | • Divide students into small groups and provide them with the simple texts, short stories or experts from famous books. And presenting the summary will boost their confidence level. | Throughout the year | English teacher , English club | |
| | • Reading challenges:Create reading challenges or competitions to motivate students to read more | | | |
| | • Word hunt activity : Ask students to find and list new or specific words from a passage | | | |
| | • Comprehension worksheets | | | |
| | • Drop everything & read: Set aside 10 minutes once in a while for silent reading. | | | |
| To develop writing skills | Regular writing practice | Throughout the year | English teacher , English club | |
| | Picture based the story writing (5-6 sentences) | | | |
| | Sentence starters( creative writing) | | | |
| | [If I had wings, I could….. One day I found a Magic Pencil that…..] | | | |
| | Story sequencing cards ( arrange them and write a story ) | | | |

# ജി എസ് ബി എസ് പഴയ ലക്കിടി

## മേഖല യു.പി. ഇംഗ്ലീഷ്

| AIM | Activities | Period | Responsible persons | Economic source |
|---|---|---|---|---|
| To develop writing skills | Add a sentence ( each student add one sentence to build a group story) | Throughout the year | English teacher , English club | |
| | Fill in the blanks/ sentence completion [ strengthens grammar and sentence structure ] | | | |
| | Inland magazine( creative writing of students ) | | | |
| Differentiation and support | • Reorganize and accommodate the diverse learning needs of students | Throughout the year | English teacher , English club | |
| | • Provide additional support materials and resources such as small group instruction tutoring Peer measuring and remedies programs to help struggling students | | | |
| | • ELEP for Malayalam medium students ( module preparation) | | | |

# ജി എസ് ബി എസ് പഴയ ലക്കിടി

## മേഖല യു.പി. ഇംഗ്ലീഷ്

| AIM | Activities | Period | Responsible persons | Economic source |
|---|---|---|---|---|
| Assessments and feedback | Design a range of assessment tasks and tools to measure students language proficiency comprehension and writing skills | Throughout the year | English teacher , English club | |
| | • Use a variety of assessment methods such as tests, essays,presentations,projects and performance based tasks to assess different aspects of language learning | Throughout the year | English teacher , English club | |
| | • Provide timely and constructive feedback to students that highlights their strengths, identifies areas for improvement and suggests Strategies for further development | | | |

# ജി എസ് ബി എസ് പഴയ ലക്കിടി

## മേഖല യു.പി. ഇംഗ്ലീഷ്

| AIM | Activities | Period | Responsible persons | Economic source |
|---|---|---|---|---|
| Parent involvement | Showcase students performances | Last term | | |
| | English inland magazine | | | |
| | Puppet show | | | |
| | Skit | | | |
| | Collaborate with parents to create materials resources and for practice | | | |
| **മേഖല എൽ.പി. ഇംഗ്ലീഷ്** | | | | |
| To speak read and writing English without mistakes | ◦ Short stories / cartoons | Once in a month | Class Teacher | |
| | ◦ Story telling | Once in a week | | |
| | ◦ Reading corner ◦ English assembly | June to March | | |
| | ◦ English diary | Two days in a week | | |
| Building confidence in handling English language | Role play,/ Skit | Once in a month | Class Teacher | |
| | English fest | FEBRUARY | Staff & PTA | |

# സാമൂഹ്യശാസ്ത്രം

## ആമുഖം

സാമൂഹ്യജീവിതത്തിൽ ഫലപ്രദമായി ഇടപെട്ടുകൊണ്ടേ മഹത്തായ നാളെയെ സൃഷ്ടിക്കാൻ കഴിയൂ. സമൂഹത്തിൽ തന്റെ സ്ഥാനം എന്ത് എന്ന് തിരിച്ചറിയുകയും മനുഷ്യൻ ചുറ്റുപാടുകളിൽ നടത്തിയ ഇടപെടലുകൾ സമൂഹത്തിൽ എന്തൊക്കെ മാറ്റങ്ങൾ ഉണ്ടാക്കി എന്ന് തിരിച്ചറിയുകയും വേണം. മനുഷ്യർ തമ്മിലും മനുഷ്യനും സമൂഹവും തമ്മിലും, മനുഷ്യനും പ്രകൃതിയും തമ്മിലുള്ള പാരസ്പര്യം കണ്ടെത്തുന്നതിനുള്ള അവസരം നമ്മുടെ സാമൂഹ്യപഠനത്തിലൂടെ സാധ്യമാവണം. ലോകത്തെ പുതിയ രീതിയിൽ നോക്കിക്കാണാനും മനസ്സിലാക്കാനും, വിലയിരുത്താനുമുള്ള വിവിധ സാധ്യതകൾ സാമൂഹ്യശാസ്ത്രപഠനത്തിലൂടെ കുട്ടിക്ക് ലഭ്യമാക്കേണ്ടതുണ്ട്. പഠിതാവിന്റെ ആർജ്ജിതമായ അറിവിനേയും ആശയ സമ്പത്തിനേയും പരിഗണിച്ചുകൊണ്ട് ഫലപ്രദമായ പഠനപ്രവർത്തനങ്ങൾ ഒരുക്കേണ്ടതാണ്. ആയതുകൊണ്ട് സ്വാഭാവികമായും അറിവ് നിർമ്മിച്ചെടുക്കാൻ ഓരോ വിദ്യാർത്ഥിക്കും കഴിയേണ്ടതുണ്ട്.

# ജി എസ് ബി എസ് പഴയ ലക്കിടി

## മേഖല സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജനാധിപത്യ ബോധം, ദേശീയബോധം എന്നിവ വളർത്തിയെടുക്കൽ | ദേശീയ ആഘോഷങ്ങൾ സമൂഹത്തെ കൂടി ഉൾപ്പെടുത്തി വിപുലമായ തോതിൽ ആഘോഷിക്കാൻ | അക്കാദമിക വർഷം | അധ്യാപകർ , സോഷ്യൽ സയൻസ് ക്ലബ്ബ് , പി ടി എ | |
| | സ്വാതന്ത്ര്യസമരസേനാനികളുടെ ഫോട്ടോകൾ ഉൾപ്പെടുത്തി ആൽബം തയ്യാറാക്കൽ | ജൂൺ, ജൂലൈ, ആഗസ്റ്റ് | | |
| | 1857ലെ ശിപായി ലഹള വീഡിയോ പ്രദർശനം | | | |
| സാമൂഹ്യ ശാസ്ത്രത്തിൻറെ അടിസ്ഥാനതല അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | കേരളം, ഇന്ത്യ, വേൾഡ് മാപ്പ് എന്നിവയുടെ ഔട്ട് ലൈൻ നൽകി ജില്ലകൾ , സംസ്ഥാനങ്ങൾ, വൻകരകൾ എന്നിവ അടയാളപ്പെടുത്തൽ | ജൂൺ, ജൂലൈ | അധ്യാപകർ , സോഷ്യൽ സയൻസ് ക്ലബ്ബ് , പി ടി എ | |
| | അന്തർദേശീയ തലം മുതൽ ജില്ലാതലം വരെ ഉള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ , വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ഐസിടി സാധ്യതകൾ ഉപയോഗപ്പെടുത്തിയ ആശയ സമ്പുഷ്ടമാക്കുന്നു | | | |
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക സുസ്ഥിരവികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു | ഐസിടി സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച കുട്ടികളിൽ ചരിത്രാവബോധം സൃഷ്ടിക്കുന്നു | സപ്തംബർ | അധ്യാപകർ , സോഷ്യൽ സയൻസ് ക്ലബ്ബ് , പി ടി എ | |

# ജി എസ് ബി എസ് പഴയ ലക്കിടി

മേഖല സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | വയലെവിടെ മക്കളെ:- ഫീൽഡ് ട്രിപ്പ് പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യൻറെ ഇടപെടലുകൾക്ക് വിധേയമായ വയലുകൾ ജലാശയങ്ങൾ നദീതടങ്ങൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു | ഒക്ടോബർ, നവംബർ | | |
| വിവരവിനിമയ സാങ്കേതികവിദ്യയുടെ ദുരുപയോഗങ്ങളെ കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെ കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു | സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷാ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ സൈബർ കുറ്റകൃത്യ എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു | ഡിസംബർ ,ജനുവരി | | |
| സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു | നമ്മുടെ നറുങ്ങുവട്ടം ഭിന്നശേഷിക്കാരെയോ മാനസിക വൈകല്യമുള്ളവരായ വ്യക്തികളെയോ അത്തരത്തിലുള്ളവരെയോ സംരക്ഷിക്കുന്ന സ്ഥാപനങ്ങളോ സന്ദർശിച്ച കുട്ടികൾക്ക് അവരാൽ കഴിയുന്ന സേവനം നൽകാൻ അവസരം നൽകുന്നു മിതവേഷത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച് സാധനസാമഗ്രികൾ അശരണർക്ക് ആശ്വാസമാകുന്നു | ജനുവരി, ഫെബ്രുവരി | അധ്യാപകർ , സോഷ്യൽ സയൻസ് ക്ലബ്ബ് , പി ടി എ | |

# ജി എസ് ബി എസ് പഴയ ലക്കിടി

## മേഖല എൽ.പി. – പരിസര പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നിരീക്ഷണം വിവരശേഖരണം ചർച്ച നിഗമനങ്ങൾ എന്നിവയിലൂടെ ആവാസ വ്യവസ്ഥയെ കുറിച്ച് ധാരണ നേടുകയും ആവാസ വ്യവസ്ഥയിലെ വിവിധ ഘടകങ്ങൾ തമ്മിലുള്ള പരസ്പരബന്ധം കണ്ടെത്തുകയും ചെയ്യുന്നു | സമീപപ്രദേശങ്ങളിലെ വിവിധതരം ആവാസ വ്യവസ്ഥകൾ ( കുളം വയൽ കുന്ന് കുറ്റിക്കാടുകൾ )സന്ദർശിച്ച നിരീക്ഷണത്തിന് അവസരം ഒരുക്കുന്നു | ജൂൺ, ജൂലൈ, ആഗസ്റ്റ് | ക്ലാസ്സ് ടീച്ചർ | |
| ചുറ്റുപാടുമുള്ള പക്ഷികളെ തിരിച്ചറിയുന്നത് | പക്ഷി നിരീക്ഷണം കുറിപ്പ് | ഒക്ടോബർ, നവംബർ | ക്ലാസ്സ് ടീച്ചർ, സയൻസ് ക്ലബ്ബ് | |
| | പക്ഷി ചിത്ര ആൽബം | | | |
| | തൂവൽ ആൽബം | | | |
| | വിവിധതരം ജീവികളുടെ വീടുകൾ കൂടുകൾ നിരീക്ഷിക്കൽ ,ചിത്രം വരയ്ക്കൽ | | | |
| ശാസ്ത്ര പ്രദർശനം | ആവാസവ്യവസ്ഥയുമായി ബന്ധപ്പെട്ട ശേഖരിച്ച വിവരങ്ങൾ ചാർട്ടുകൾ പതിപ്പുകൾ മോഡലുകൾ ആൽബങ്ങൾ നിഗമനങ്ങൾ ഉൾക്കൊള്ളിച്ചുള്ള പ്രദർശനം സംഘടിപ്പിക്കുന്നു | ജനുവരി | ക്ലാസ്സ് ടീച്ചർ, സയൻസ് ക്ലബ്ബ് | |

# സയൻസ്

## ലക്ഷ്യങ്ങൾ

- ശാസ്ത്രത്തിൽ സവിശേഷ സ്വഭാവമുള്ള കുട്ടികളെ അതിൻറെ പൂർണ്ണതയിൽ എത്തിക്കുക.
- കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ശാസ്ത്ര പഠന നേട്ടങ്ങളും എല്ലാ കുട്ടികളും എത്തിക്കുക.
- ശാസ്ത്രത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുക.
- ശാസ്ത്ര ചിന്ത, ശാസ്ത്രബോധം, ശാസ്ത്ര നൈപുണ്യം, അന്വേഷണാത്മത എന്നിവ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
- ശാസ്ത്ര പഠനത്തിൽ ഐടി സാധ്യത പ്രയോജനപ്പെടുത്തുക.
- ശാസ്ത്ര പഠനശേഷി വികസിപ്പിക്കുക.
- പാരിസ്ഥിതിക അവബോധം വളർത്തുക.
- ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് ശാസ്ത്രപഠനം പ്രയോജനപ്പെടുത്തുക.

## നിലവിലെ അവസ്ഥ

സയൻസ് പൊതുവേ പ്രയാസമുള്ള ഒരു വിഷയമാണ്. അതിൽ കഴിവും താല്പര്യവുമുള്ള കുറച്ച് കുട്ടികൾ മാത്രമേ ഉള്ളൂ. പിന്നോക്കം നിൽക്കുന്നവരെ മികവിലേക്ക് കൊണ്ടുവരുവാൻ കൂടുതൽ മികവാർന്ന പുതുമയുള്ള ശാസ്ത്ര പ്രവർത്തനങ്ങൾ സാങ്കേതിക വിദ്യകളുടെ സഹായത്താൽ കൊണ്ടുവരിക.

# ജി എസ് ബി എസ് പഴയ ലക്കിടി

## മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **1) ദിനാചരണങ്ങൾ അനുയോജ്യമായ രീതിയിൽ ആചരിക്കുന്നു.** | **പ്രതിദിനം : ദിനാചരണങ്ങൾ അനുയോജ്യമായ രീതിയിൽ ആചരിക്കുന്നു.**<br>**ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പോസ്റ്റർ നിർമ്മാണ മത്സരം.**<br>**ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ക്വിസ് , കുറിപ്പ് , വായന എന്നിവ നടത്തുന്നു.** | അക്കാദമിക വർഷം | **ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ്** | **പി. ടി. എ** |
| 2) ജീവിത സാഹചര്യങ്ങ ളിൽ നിന്നും ചുറ്റുപാടുക ളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **മാജിക്ക് മാജിക്ക് :** നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറുക്കുന്നു. ഓരോ യൂണിറ്റിലെയും പരീക്ഷണ സാധ്യതയുള്ള ഭാഗങ്ങൾ അക്കാദമിക വർഷാരംഭത്തിൽ തന്നെ കണ്ടെത്തുന്നു. ഓരോ യൂണിറ്റുമായി ബന്ധപ്പെട്ട പഠനോപകരണങ്ങൾ ലിസ്റ്റ് ചെയ്യുന്നു. അവ നിർമ്മിക്കുന്നതിന് ആവശ്യമായ സാധനസാമഗ്രികൾ തയ്യാറാക്കുന്നു. പരീക്ഷണം , നിരീക്ഷണം നിഗമനത്തിൽ എത്തിച്ചേരുന്നു | ജൂൺ മുതൽ | **ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ്** | **പി. ടി. എ** |

# ജി എസ് ബി എസ് പഴയ ലക്കിടി

## മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2) ജീവിത സാഹചര്യങ്ങ ളിൽ നിന്നും ചുറ്റപാടുക ളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **ജൈവവൈവിധ്യ പാർക്ക്:** ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം, കുളം, ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | പി. ടി. എ |
| | **കണ്ടറിയാനൊരു യാത്ര:** വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, പുഴയെ അറിയാൻ യാത്രകൾ. | ജൂലൈ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | രക്ഷിതാക്കൾ |
| 3) ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപ കരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | **മാസ്റ്റർ മൈന്റ് :** ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവത രിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| | **ക്യൂരിയോസിറ്റി :** ആധുനീക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലു കൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |

# ജി എസ് ബി എസ് പഴയ ലക്കിടി

മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3) ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപ കരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | ശാസ്ത്ര വിസ്മയ ചുമർ : ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ് | |
| | നേർക്കുനേർ : ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവ സരം നൽകുന്ന ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | പി. ടി. എ , സയൻസ് ക്ലബ്ബ് |
| | യുറേക്കാ : കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതി നായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 4) ആകാശഗോളങ്ങളെയും ബഹിരാകാശ ദൗത്യങ്ങളെക്കു റിച്ചും കുറിച്ച് മനസ്സിലാക്കി ശാസ്ത്രാവബോധം വളർത്തു ക. | മാനം നോക്കി... : ആകാശ ഗോളങ്ങളെ നിരീക്ഷിച്ച്, വിവര ശേഖരണം നടത്തൽ. കൃത്രിമോപഗ്രഹങ്ങളെ കുറിച്ച് വിവര ശേഖരണം നടത്തൽ, നൽകുന്ന സേവനങ്ങൾ തിരിച്ചറിയൽ. ബഹിരാകാശ ദൗത്യങ്ങളെക്കുറിച്ചുംബഹിരാകാശ സഞ്ചാരികളെയും കുറിച്ച് മനസ്സിലാക്കി ശാസ് ത്രാവബോധം വളർത്തുക. | ജൂലൈ മുതൽ അക്കാദമിക വർഷാവസാന ം വരെ | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ് | |

# ജി എസ് ബി എസ് പഴയ ലക്കിടി

മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 5) ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ യുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജന പ്പെടുത്തുക. | വിസ്മയ യാത്ര: ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവ ചരിത്ര ങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ് | |
| | റീ –ഷോട്സ് : ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട് ഷോർട്ട് ഫിലിംസ്, റീൽസ് എന്നിവ നിർമ്മിക്കൽ, പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ് | |
| 6) പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കൽ | ഇലക്ട്രോണിക്, റോബോട്ടിങ്ങ് സാധ്യത ഉപയോഗിച്ച് ഉപകരണ നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ , സയൻസ് ക്ലബ്ബ് , പി ടി എ | |

# ഗണിതം

## ആമുഖം

ചിന്തയുടെ ഗണിതവത്ക്കരണമാണ് ഗണിതപഠനത്തിൻ്റെ അടിസ്ഥാനമായി നൽകേണ്ടത്. കുട്ടികളുടെ കഴിവും യുക്തിചിന്തകളും വളർത്തിയെടുക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങളാണ് ക്ലാസ്മുറികളിൽ നടക്കേണ്ടത്. നിത്യജീവിതത്തിന്റെ എല്ലാ മേഖലകളേയും ഗണിതശാസ്ത്രപഠനം വളരെയേറെ സ്വാധീനിക്കുന്നുണ്ട്. നിത്യജീവിതത്തിലെ പ്രാഥമിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള സന്ദർഭങ്ങൾ കൂടി ക്ലാസ് മുറികളിൽ ഒരുക്കേണ്ടതുണ്ട്. ഗണിതത്തോട് താല്പര്യം ജനിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി സ്വാഭാവികമായ രീതിയിൽ ശേഷികൾ കൈവരിക്കുന്നതിന് കുട്ടിയെ പ്രാപ്തമാക്കണം. ഗണിതശാസ്ത്ര പ്രതിഭകളെ കുറിച്ചും അവരുടെ സംഭാവനകളെ കുറിച്ചും ആധികാരികമായി അറിയുന്നതിലൂടെ മാത്രമെ പുതുതലമുറക്ക് പ്രചോദനം ലഭിക്കു.

# ജി എസ് ബി എസ് പഴയ ലക്കിടി

മേഖല ഗണിതം –UP

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു** | **നമ്പർ കാർഡ് മുത്തുകൾ തുടങ്ങിയ ഉപയോഗിച്ച് സങ്കലനം. വ്യവകലനം ഉറച്ചതിനു ശേഷം ചെറിയ ചെറിയ ഗണിതകളിലൂടെ നിത്യജീവിതവുമായി ബന്ധപ്പെടുത്തി ഗുണനം ഹരണം എന്നിവ ഉറപ്പിക്കുന്നു** | **ജൂൺ** | **അധ്യാപകർ , ഗണിത ക്ലബ്ബ് , പി ടി എ** | |
| **രസകരമായ ഗണിതശാസ്ത്ര പഠനവും കരചലനശേഷികളുടെ വികാസവും** | **WE എടുക്കുന്ന അധ്യാപികയുടെ സഹായത്തോടുകൂടി ഒറിഗാമിയിലൂടെ വിവിധരൂപങ്ങൾ നിർമ്മിക്കുന്നു അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തലും പ്രദർശനവും ഇത്തരം പ്രവർത്തനങ്ങൾ അനുരൂപീകരണത്തിന് കൂടി സഹായകമാകുന്നു.** | **അക്കാദമിക വർഷം** | **അധ്യാപകർ , ഗണിത ക്ലബ്ബ് , പി ടി എ** | |
| **ഗണിതം മധുരം ആക്കാനും ഗണിത പ്രവർത്തനങ്ങൾ സുഗമമാക്കിലും ഗണിത മേഖലയിൽ താല്പര്യം വർദ്ധിപ്പിക്കൽ** | ഗണിതലാബ് സജീകരണം, വിവിധ ജാമിതീയ രൂപങ്ങൾ തയ്യാറാക്കി പ്രദർശനം | **അക്കാദമിക വർഷം** | **അധ്യാപകർ , ഗണിത ക്ലബ്ബ് , പി ടി എ** | |

# ജി എസ് ബി എസ് പഴയ ലക്കിടി

മേഖല ഗണിതം -UP

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതം മധുരം ആക്കാനും ഗണിത പ്രവർത്തനങ്ങൾ സുഗമമാക്കിലും ഗണിത മേഖലയിൽ താല്പര്യം വർദ്ധിപ്പിക്കൽ | ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ കൊണ്ടുവന്ന വർക്ക് ഷോപ്പ് ഷോപ്പ് സംഘടിപ്പിക്കുക പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താല്പര്യമുണ്ടാക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക പസിലുകളും ഗെയിമുകളും അവതരിപ്പിക്കാൻ നിത്യജീവിതവുമായി ബന്ധപ്പെട്ട കാര്യങ്ങളിലൂടെ ഉള്ള അവതരണം | ഒരു ടേമിൽ ഒന്ന് | അധ്യാപകർ , ഗണിത ക്ലബ്ബ് , പി ടി എ | |
| ആധുനിക ഗണിതശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസ കൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | ഐസിടി സാധ്യതകൾ ജാമിതീയ രൂപങ്ങൾ ടാൻഗ്രാം തുടങ്ങിയ പ്രവർത്തനങ്ങൾ | | | |
| | ജിയോജിബ്ര പോലുള്ള ആപ്പുകളിലൂടെ കുട്ടികളിലേക്ക് എളുപ്പത്തിൽ എത്തിക്കാൻ സാധിക്കുന്നു | | | |

# ജി എസ് ബി എസ് പഴയ ലക്കിടി

മേഖല ഗണിതം –UP

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ക്ലാസ്സ് തലത്തിൽ ഗ്രൂപ്പുകളാക്കുന്നു. മ ുൻ നിരയിൽ നിൽക്കുന്ന കുട്ടികളും അദ്ധ്യാപികയും ചേർന്ന് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ കൊടുക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്യുന്നു. | അക്കാദമിക വർഷം | | |
| വിവിധ ശേഷികളുടെ വികസനം | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. മികച്ചവ ഉൾക്കൊള്ളിച്ചുള്ള പ്രദർശനം സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | | |
| കളികൾ നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൾ | ജാമിതീയ രൂപങ്ങളുടെ നിർമ്മാണം | ജൂൺ, ജൂലൈ, ആഗസ്റ്റ് | അധ്യാപകർ , ഗണിത ക്ലബ്ബ് , പി ടി എ | |
| കളികൾ നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൾ | ചതുഷ്ക്രിയകളുടെ ക്രിയകൾ | ജൂൺ, ജൂലൈ, ആഗസ്റ്റ് | അധ്യാപകർ , ഗണിത ക്ലബ്ബ് , പി ടി എ | |
| | വിവിധതരം കളികളിലൂടെ ചെയ്യുന്ന ക്ലാസ് 3 4 ക്ലാസ്സിൽ ഒരു കട | | | |

# ജി എസ് ബി എസ് പഴയ ലക്കിടി

മേഖല ഗണിതം –UP

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നിശ്ചിത സംഖ്യകൾ എണ്ണുന്നതിനും എഴുതുന്നതിനും സ്ഥാനവില തിരിച്ചറിഞ്ഞ് വായിച്ച് എഴുതാനും വായിക്കാനും സംഖ്യാബോധം | സംഖ്യ റിബ്ബൺ അബാക്കസിൽ മുത്തു ക്രമീകരിക്കൽ പാറ്റേൺ രൂപീകരണം | സപ്തംബർ, ഒക്ടോബർ, നവംബർ | അധ്യാപകർ , ഗണിത ക്ലബ്ബ് , പി ടി എ | |
| ക്ലോക്ക് ഉപയോഗിച്ച് സമയം കൃത്യമായി പറയുന്നതിന് എഴുതുന്നതിനും | ക്ലോക്ക് നിർമ്മാണം | നവംബർ– ജനുവരി, | | |
| കലണ്ടറുമായി ബന്ധപ്പെട്ട ഗണിതാശയങ്ങൾ തിരിച്ചറിയൽ | കലണ്ടർ നിരീക്ഷണം | | അധ്യാപകർ , ഗണിത ക്ലബ്ബ് , പി ടി എ | |
| ഗണിതശേഷികളുടെ പ്രകടനം | പസിൽ പാറ്റേൺ | അക്കാദമിക വർഷം | | |
| | പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം | | | |

# ജി എസ് ബി എസ് പഴയ ലക്കിടി

മേഖല L P ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികൾ നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൾ | ജാമിതീയ രൂപങ്ങളുടെ നിർമ്മാണം | ജൂൺ, ജൂലൈ, ആഗസ്റ്റ് | അധ്യാപകർ , ഗണിത ക്ലബ്ബ് , പി ടി എ | |
| കളികൾ നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൾ | ചതുഷ്ക്രിയകളുടെ ക്രിയകൾ | ജൂൺ, ജൂലൈ, ആഗസ്റ്റ് | അധ്യാപകർ , ഗണിത ക്ലബ്ബ് , പി ടി എ | |
| | വിവിധതരം കളികളിലൂടെ ചെയ്യുന്ന ക്ലാസ് 3 4 ക്ലാസ്സിൽ ഒരു കട | | | |
| നിശ്ചിത സംഖ്യകൾ എണ്ണുന്നതിനും എഴുതുന്നതിനും സ്ഥാനവില തിരിച്ചറിഞ്ഞ് വായിച്ച് എഴുതാനും വായിക്കാനും സംഖ്യാബോധം | സംഖ്യ റിബ്ബൺ അബാക്കസിൽ മുത്തു ക്രമീകരിക്കൽ പാറ്റേൺ രൂപീകരണം | സപ്തംബർ, ഒക്ടോബർ, നവംബർ | അധ്യാപകർ , ഗണിത ക്ലബ്ബ് , പി ടി എ | |
| ക്ലോക്ക് ഉപയോഗിച്ച് സമയം കൃത്യമായി പറയുന്നതിന് എഴുതുന്നതിനും | ക്ലോക്ക് നിർമ്മാണം | നവംബർ- ജനുവരി, | | |
| കലണ്ടറുമായി ബന്ധപ്പെട്ട ഗണിതാശയങ്ങൾ തിരിച്ചറിയൽ | കലണ്ടർ നിരീക്ഷണം | | അധ്യാപകർ , ഗണിത ക്ലബ്ബ് , പി ടി എ | |

# ജി എസ് ബി എസ് പഴയ ലക്കിടി

മേഖല L P ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതശേഷികളുടെ പ്രകടനം | പസിൽ പാറ്റേൺ | അക്കാദമിക വർഷം | | |
| | പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം | | | |

# കലാ-കായിക-പ്രവൃത്തി പരിചയം

## ആമുഖം

വിദ്യാലയങ്ങളിൽ മറ്റ വിഷയങ്ങൾക്ക് കൊടുക്കുന്ന അതേ പ്രാധാന്യം തന്നെ കലാകായിക സംഗീത പ്രവർത്തി മേഖലകൾക്ക് കൊടുക്കേണ്ടത് ഇന്നത്തെ സാഹചര്യത്തിൽ അത്യന്താപേക്ഷിതമാണ് കലാപ പഠനത്തിലൂടെ അവന്റെ സർഗാത്മക ചിന്തയെയും ശേഷിയെയും വളർത്താൻ കഴിയും കായിക പഠനത്തിലൂടെ കുട്ടികളുടെ ആരോഗ്യ മാനസിക വികാസം സാധ്യമാക്കുന്നതിനും പ്രവർത്തി പരിചയത്തിലൂടെ കുട്ടികളുടെ വ്യത്യസ്ത നൈപുണികളെ കണ്ടെത്തുന്നതിനും അതിനെ വളർത്തിയെടുക്കുന്നതിനും കഴിയുന്ന പഠനത്തിൽ പിന്നോക്കം നിൽക്കുന്നവരെയും ഇത്തരം മേഖലകളിൽ ഉയർത്തിക്കൊണ്ടുവരുന്നതിന് വിദ്യാലയങ്ങളിൽ ഇത്തരത്തിലുള്ള പഠനം അനിവാര്യമാണ്.

# ജി എസ് ബി എസ് പഴയ ലക്കിടി

## മേഖല യു.പി. -കലാ-കായിക-പ്രവൃത്തി പരിചയം

| ഉപലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ മാനസികോലാസത്തിന് | മ്യൂസിക് ടാലന്റ് റൂം മ്യൂസിക് ഇൻസ്ട്രുമെന്റ് സ്റ്റുഡിയോ,മ്യൂസിക് ആൽബം FM റേഡിയോ | ആഴ്ചയിൽ ഒരു ദിവസം | സംഗീത ക്ലബ്ബ് | സ്റ്റാഫ് ആൻഡ് പിടിഎ |
| കുട്ടികളുടെ ജന്മസിദ്ധമായ കഴിവുകളെ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിന് പിന്നോക്കക്കാരെ കണ്ടെത്തി പരിശീലനം നൽകുന്നതിന് | റിഥം പാഡ്,കീബോർഡ് ഡ്രോയിങ് വർക്ക് ഷോപ്പ് ക്യാമ്പ് by Scholars, Art ഗാലറി, | | സംഗീത ക്ലബ്ബ് | |
| | സംഗീതം അടിസ്ഥാനപാഠങ്ങൾ ക്വയർ ടീം,സായാഹ്ന സദസ്സ് (കുട്ടികളുടെയും നാട്ടുകാരുടെയും ചിന്താസായാഹ്നം ) | | സംഗീത ക്ലബ്ബ് | |
| കലോത്സവങ്ങളിലേക്ക് കുട്ടികളെ പങ്കെടുപ്പിക്കുന്നതിനും പരിശീലനം നൽകുന്നതിനും | ആർട്ട് കോർണർ , ആർട്ട് ലാബ് , ആർട്ട് കിറ്റ് | | സംഗീത ക്ലബ്ബ് | |

# ജി എസ് ബി എസ് പഴയ ലക്കിടി

മേഖല യു.പി. –കലാ–കായിക–പ്രവൃത്തി പരിചയം

| ഉപലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **കായികം** | | | | |
| കുട്ടികളുടെ കായിക മാനസിക വളർച്ച തിരിച്ചറിയുന്നതിന് | മെഡിക്കൽ ചെക്കപ്പ് മെഡിക്കൽ ക്യാമ്പ് വ്യായാമമുറകൾ പരിശീലിപ്പിക്കുന്നു | | | |
| നല്ല ആരോഗ്യ ശീലങ്ങൾ കുട്ടികളിലെ കായിക കഴിവുകൾ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിന് | ബോധവൽക്കരണക്ലാസ്സ് , ജിംനേഷ്യം , ഷട്ടിൽ കോർട്ട് | | അധ്യാപകർ ആരോഗ്യ ക്ലബ്ബ് | |
| കുട്ടികളിലെ കായിക കഴിവുകൾ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിന് | നീന്തൽ, എയ്റോബിക്സ് | | | |
| കുട്ടികളിലെ ശാരീരിക ആരോഗ്യം ഉറപ്പുവരുത്തുന്നതിന് | യോഗ പരിശീലനം | | | |
| കുട്ടികളിലെ മാനസിക പിരിമുറുക്കം ഇല്ലാതാക്കി ആരോഗ്യം സംരക്ഷിക്കുന്നതിന് | മെഡിറ്റേഷൻപ്രോഗ്രാം, മോട്ടിവേഷൻ ക്ലാസ് ഫോട്ടോ , ഗ്യാലറി | | | |

# LSS USS പിന്തുണ പ്രവർത്തനങ്ങൾ 2025-26

**ലക്ഷ്യം:**

- **കുട്ടികളുടെ പഠന നിലവാരം ഉയർത്തുക.**
- **മത്സര പരീക്ഷകളെ പേടി കൂടാതെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക.**

**പ്രവർത്തനങ്ങൾ :**

1) **ജൂൺ ആദ്യവാരം Pretest നടത്തി കുട്ടികളെ നിലവാരമനുസരിച്ച് തരം തിരിക്കുന്നു.**
2) **ക്ലാസ്സ് തല പഠനപ്രവർത്തനങ്ങളുടെ ഉയർന്ന തല പ്രവർത്തനങ്ങൾ LSS USS ഗ്രൂപ്പിൽ പ്രത്യേകമായി നൽകുന്നു.**
3) **LSS,USS പരിശീലന Link കൾ തയ്യാറാക്കി നൽകുന്നു.**
4) **പരീക്ഷയെ അഭിമുഖീകരിക്കാനുള്ള ആത്മവിശ്വാസം വളർത്തിയെടുക്കാൻ ധാരാളം മാതൃക ചോദ്യങ്ങൾ തയ്യാറാക്കി ക്ലാസ്സ് തലത്തിലും ഗ്രൂപ്പിലും പരിശീലിപ്പിക്കുന്നു.**
5) **എല്ലാ ദിവസവും വിഷയടിസ്ഥാനത്തിൽ LSS USS പ്രത്യേക പരിശീലനം ഉച്ചയ്ക്ക് ഒരു മണിക്കൂർ നൽകുന്നു.**
6) **മുഴുവൻ കുട്ടികൾക്കും പഠന പ്രവർത്തനങ്ങളിൽ പങ്കാളികൾ ആകാൻ ഉള്ള മെറ്റീരിയൽസ് ക്ലാസ്സിൽ നൽകുന്നു.**
7) **മാതൃക പരീക്ഷകൾ നടത്തുന്നു.**

## കാലയളവ്

**ആഗസ്റ്റ് ആദ്യവാരം മുതൽ ജനുവരി വരെ**

*______ ________*